Reg No:..... K24FY1339
Name :.....

First Semester FYUGP Malayalam Examination
NOVEMBER 2024 (2024 Admission onwards)
KU1DSCMAL101 (KATHAYUM KATHAVAYANAKALUM)
(DATE OF EXAM : 2-12-2024)

Time : 90 min Maximum Marks : 50

Part A (Answer any 6 questions. Each carries 2 marks)

1. ഭാഷാ സാഹിത്യ പരിപാലിനി മഹാസഭയുടെ പരസ്യം കണ്ടപ്പോൾ ഗോവിന്ദൻ നായർക്കുണ്ടായ അതിമോഹങ്ങൾ എന്തൊക്കെ? 2

2. മലയാള ചെറുകഥാചരിത്രത്തിൽ കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർക്കുള്ള പ്രാധാന്യം എന്ത്? 2

3. " എല്ലാവരോടും സ്വതന്ത്രമായി പെരുമാറാനുള്ള ലൈസൻസ് എടുക്കലാണ് വിവാഹം"
(ഒരുക്കത്തിൻറെ ഒടുവിൽ)
സന്ദർഭവും ആശയവും വിവരിക്കുക 2

4. ആ വേങ്ങമരത്തിൽ നിന്ന് എങ്ങനെയൊക്കെയോ എൻറെ കാതും കയ്യും പറിച്ചെടുത്ത് ഞാൻ കാട്ടുവഴിയിലേക്ക് ചാടിക്കയറി - മരത്തിൽ കേട്ടത് എന്ന കഥയിൽ ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പരാമർശിക്കുന്നത്? 2

5. " അയാള് ചീത്ത മനിശനാ" -ഫോട്ടോ എന്ന കഥയിലെ പെൺകുട്ടി ഇങ്ങനെ പറയുന്നത് എപ്പോഴാണ്? 2

6. "അമ്മ അവളെ കൈ പിടിച്ചു കൊടുക്കുമ്പോൾ അറക്കാൻ ഒരു ആട്ടിൻകുട്ടിയെ വാങ്ങുകയാണെന്ന് ലഖന് തോന്നി" - കാരണമെന്ത്? കടൽ കാണാൻ എന്ന കഥയെ മുൻനിർത്തി എഴുതുക. 2

7. മലയാളത്തിലെ അത്യന്താധുനിക കഥാകൃത്തുക്കളായി എം അച്ചുതൻ നിർദ്ദേശിക്കുന്നതാരെയൊക്കെ? അവരുടെ രണ്ടു വീതം കഥകൾ ഉദാഹരിക്കുക 2

8. "ആ പ്രതിസന്ധിയിലും എനിക്ക് ആർത്തു വിളിക്കണമെന്നു തോന്നി, - ആർക്കാണിങ്ങനെ തോന്നിയത്? എന്തുകൊണ്ട് ? 2

Part B (Answer any 4 questions. Each carries 6 marks)

9. നാടകീയതയാണ് ആദ്യകാല ചെറുകഥകളുടെ ഒരു പ്രത്യേകത - ഒരു പൊട്ടഭാഗ്യ'ത്തെ മുൻ നിർത്തി വിശകലനം ചെയ്യുക 6

10. കുറ്റാന്വേഷണ സ്വഭാവമുള്ള ആദ്യകാലകഥകൾ പശ്ചാത്യഅനുകരണത്തിന്റെ സൃഷ്ടിയാണ് - പരിശോധിക്കുക. 6

11. നിരക്ഷരസമൂഹം സാക്ഷരതയിലേക്ക് മാറുന്നതിൻറെ സൂചനകൾ ഒരു മനുഷ്യൻ എന്ന കഥയിൽ കടന്നുവരുന്നതെങ്ങനെ? 6

12. വ്യവസ്ഥയോടുള്ള പ്രതിരോധവും, ബ്യൂറോക്രസിയിൽ നിന്നും മറ്റു മനുഷ്യരിൽ നിന്നും അനുഭവിക്കുന്ന പീഡകളും മരത്തിൽ കേട്ടത് എന്ന കഥ അവതരിപ്പിക്കുന്നത് എപ്രകാരമാണ്? 6

SIR SYED COLLEGE CENTRAL LIBRARY

13. കടൽ കാണാൻ എന്ന കഥ വർത്തമാന സന്ദർഭത്തിൽ ഒരു പാൻ ഇന്ത്യൻ അനുഭവമായിത്തീരുന്നതെങ്ങനെ? 6

14. "സതിയെന്നാൽ വസ്തുതകൾ ആവശ്യമില്ലാത്ത ഒരൊഴുക്കൻ പരാമർശം മാത്രമായിരുന്നു." (സതി)

ഈ വാക്യം കഥാപാത്രത്തിൻറെ അസാധാരണത്വത്തെ പ്രകടമാക്കുന്നുണ്ടോ? 6

Part C (Answer any 1 question(s). Each carries 14 marks)

15. “ജീവിച്ചിരിക്കുന്നതിൽ കൂടിയ എന്ത് നിസ്സഹായ അവസ്ഥയാണ് ഈ ലോകത്തുള്ളത്.” (സതി) ഈ പരാമർശത്തിൽ ഊന്നിക്കൊണ്ട് സതി എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക. 14

16. നവോത്ഥാന കഥകളുടെ സൗന്ദര്യശാസ്ത്രപരമായ സവിശേഷതകൾ വിശദീകരിക്കുക. 14

قل ربّ زدني علما
SIR SYED COLLEGE
CENTRAL LIBRARY